## സ്ഥാപനത്തിന്റെ ചെലവിന്റെ 30% വേതനമായി കണക്കാക്കി വിഹിതം നിർണ്ണയിച്ചത് റദ്ദാക്കി

### ബോംബെ ഹൈക്കോടതി

L.P.A. No. 25/2012 Dt. 4.7.2019

അസിസ്റ്റന്റ് പി.എഫ്. കമ്മീഷണർ
x
സിറ്റി ഏന്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ്
കോർപ്പറേഷൻ

കോർപ്പറേഷന്റെ വ്യവസായ മേഖലയിൽ ശുചീകരണ ജോലികൾ ചെയ്യുന്നത് കരാറുകാരുടെ തൊഴിലാളികളാണ്. കോർപ്പറേഷന്റെ കീഴിൽ നിരവധി തൊഴിലാളികളുണ്ടെങ്കിലും മേനേജ്മെന്റ് ഇ.പി.എഫ്. വിഹിതം അടച്ചിരുന്നില്ല. സ്ഥാപനം ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ വരില്ലെന്ന ന്യായമാണ് മേനേജ്മെന്റ് ചൂണ്ടിക്കാട്ടിയത്. അപ്രകാരമിരിക്കെ, ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്താൻ തീരുമാനിച്ചു. കോർപ്പറേഷന് ഇ.പി.എഫ്. നിയമം ബാധകമല്ലെന്നും കോർപ്പറേഷന്റെ കീഴിലുള്ള ജോലികളെല്ലാം കരാറുകാരെക്കൊണ്ടാണ് ചെയ്യിക്കുന്നതെന്നും മേനേജ്മെന്റ് ഇ.പി.എഫ്. കമ്മീഷണറെ അറിയിച്ചു. അപ്പോൾ കരാറുകാരുടെ പേരുവിവരങ്ങൾ നല്കണമെന്ന് കമ്മീഷണർ ആവശ്യപ്പെട്ടെങ്കിലും മേനേജ്മെന്റ് വിവരങ്ങൾ നല്കിയില്ല. തുടർന്ന് ഇ.പി.എഫ്. കമ്മീഷണർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണെന്ന് പ്രഖ്യാപിച്ച കമ്മീഷണർ വിഹിതം നിർണ്ണയിച്ചുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചത്. തൊഴിലാളികൾ എത്രയെന്നോ ആരെന്നോ തിട്ടപ്പെടുത്താതെ കോർപ്പറേഷന്റെ മൊത്തം ചെലവിന്റെ 30% തൊഴിലാളികളുടെ വേതനമാണെന്ന നിഗമനത്തിലാണ് ഇ.പി.എഫ്. കമ്മീഷണർ വിഹിതം കണക്കുകൂട്ടിയത്. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേനേജ്മെന്റിന്റെ വാദങ്ങൾ തള്ളിക്കളഞ്ഞ ട്രൈബ്യൂണൽ ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ശരിവച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തൊഴിലാളികളെ തിരിച്ചറിയാതെ മൊത്തം ചെലവിന്റെ 30% വേതനമാണെന്ന നിഗമനത്തിൽ വിഹിതം നിർണ്ണയിച്ചത് യുക്തിക്ക് നിരക്കാത്തതും നിയമവിരുദ്ധവുമാണെന്ന് വിലയിരുത്തിയ സിംഗിൾ ബഞ്ച് മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിക്കുകയും അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വിധിയും ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവും റദ്ദാക്കുകയും ചെയ്തു. ഇതിനെതിരെ ഇ.പി.എഫ്. കമ്മീഷണർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. പല തവണ ആവശ്യപ്പെട്ടിട്ടും കരാറുകാരുടെ പേരുവിവരം മേനേജ്മെന്റ് സമർപ്പിക്കാത്തതിനാലാണ് മൊത്തം ചെലവിന്റെ 30% തുകയുടെ അടിസ്ഥാനത്തിൽ വിഹിതം നിർണ്ണയിച്ചതെന്ന് ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. സിംഗിൾ ബഞ്ചിന്റെ വിധിന്യായത്തിൽ ഇടപെടാൻ തക്ക യാതൊരു കാരണവും കാണുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ശരിവയ്ക്കുകയും ഇ.പി.എഫ്. കമ്മീഷണറുടെ അപ്പീൽ തള്ളിക്കളയുകയും സ്ഥാപനം വിഹിതമടക്കേണ്ടതില്ലെന്ന് വ്യക്തമാക്കുകയും ചെയ്തു.